
*മക്കയിലേക്കുള്ള പാത* മലയാളത്തിലേക്ക് വന്നിട്ട് 25 വർഷം പിന്നിട്ടു

# അറേബ്യയെ പ്രണയിച്ച യാത്രികൻ

വായനാമുറി

●

**ഷിബു ഞാറയിൽകോണം**




**മുഹമ്മദ്** അസദ് തന്റെ യാത്രകളെ അനുഭവിക്കുകയും അതിൽ ജീവിക്കുകയുമായിരുന്നു. മണൽകാടുകളെ വകഞ്ഞുമാറ്റി ഇസ്‌ലാമിന്റെ തെളിനീര് പരതുകയായിരുന്നു. ജീവിത വെളിച്ചം തേടി മരുഭൂമിയിലെ കുന്നുകളിൽ അലയുകയായിരുന്നു അദ്ദേഹം. *മക്കയിലേക്കുള്ള പാത* എന്ന യാത്രാവിവരണം വേറിട്ടു നിൽക്കുന്നത് അതുകൊണ്ടാണ്. അസദിനു മുമ്പും പടിഞ്ഞാറുനിന്ന് നിരവധി മക്കൻ യാത്രാവിവരണങ്ങൾ ഉണ്ടായിട്ടുണ്ട്. റിച്ചാർഡ് ബട്ടന്റെ *മക്കയിലേക്കും മദീനയിലേക്കുമുള്ള തീർഥാടകരുടെ വൈയക്തിക കഥനങ്ങൾ* (1865), ഹാരി ഹിൽബിയുടെ *അറേബ്യയുടെ ഹൃദയം* (1927), വിൽഫ്രഡ് തെസീഗറുടെ *അറേബ്യൻ മണലാരണ്യങ്ങൾ* എന്നിവ പ്രഥമ സ്ഥാനീയങ്ങളാണ്. ഇവയിൽനിന്ന് തികച്ചും വ്യത്യസ്തമാണ് അസദിന്റെ *മക്കയിലേക്കുള്ള പാത*. ഇത് കേവലമൊരു യാത്രാ വിവരണമല്ല. യാത്രാ വിവരണത്തോടൊപ്പം യാത്രികന്റെ ആത്മകഥ കൂടിയാണ്. മരുഭൂമി കൂടി മുഴുനീള കഥാപാത്രമാകുന്ന ഒരാത്മകഥ! *മക്കയിലേക്കുള്ള പാത* മലയാളത്തിലേക്ക് വന്നിട്ട് 25 വർഷം പിന്നിട്ടു. ഈയൊരു സവിശേഷ സാഹചര്യത്തിൽ യാത്രികന്റെ ആത്മകഥാപരമായ നോട്ടപ്പാടുകളെ പുനർവായനക്ക് വിധേയമാക്കുന്നത് കാലോചിതമായിരിക്കും.

ലോകത്തെവിടെയെങ്കിലും സ്വസ്ഥത കിട്ടുന്ന സ്ഥലമുണ്ടെങ്കിൽ അവിടം കണ്ടെത്തുക എന്നതായിരുന്നു അസദിന്റെ യാത്രാലക്ഷ്യം. പടിഞ്ഞാറിന്റെ ജീവിത സാഹചര്യങ്ങൾ അത്രമാത്രം സങ്കീർണമായിരുന്നു. ദൈനംദിനം സംഘർഷഭരിതമായിക്കൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക രംഗങ്ങൾ ഒരു ഭാഗത്ത് ചോദ്യചിഹ്നമായി അവശേഷിക്കുമ്പോൾ ചരടു പൊട്ടിയ പട്ടം പോലെ സാഹചര്യങ്ങളുടെ സമ്മർദങ്ങളാൽ പറക്കാൻ വിധിക്കപ്പെട്ടവയായിരുന്നു പടിഞ്ഞാറൻ മതദർശനങ്ങൾ. മറ്റൊരു വാക്കിൽ, സമ്പന്നർ സ്പോൺസർ ചെയ്യുന്ന സമ്പന്നർക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കാത്ത സമ്പന്നരുടേതായ ദൈവങ്ങൾ. പള്ളി മേധാവികളുടെ ആത്മീയ ഫാസിസത്തിന് പട്ടുമെത്തയൊരുക്കുന്ന ദൈവങ്ങളായിരുന്നു യൂറോപ്പിന്റേത്. അതിലുപരി ജീവിതത്തെ ആത്മീയം, ഭൗതികം എന്നിങ്ങനെ വെട്ടിമുറിച്ച് അവക്കിടയിൽ കരിങ്കൽ മതിലുകൾ തീർക്കുകയും ചെയ്തിരുന്നു. അസദിനെ ക്രൈസ്തവ ദർശനത്തിൽ നിന്നകറ്റിയതും ഈയൊരു വെട്ടിമുറിക്കലായിരുന്നു. അദ്ദേഹം പറയുന്നു; 'ശരീരവും ആത്മാവും തമ്മിലും വിശ്വാസത്തിന്റെ ലോകവും പ്രായോഗിക ലോകവും തമ്മിലും ക്രിസ്തുമതം സൃഷ്ടിച്ച അന്തരം എന്നെ അതിൽനിന്നകറ്റി.'

ജീവിതത്തിന്റെ ഊന്നലുകളെയും ലൗകിക പരിശ്രമങ്ങളെയും കൈവിട്ടുകളഞ്ഞതിനാൽ ക്രിസ്തുമതത്തിനു പാശ്ചാത്യ സംസ്കാരത്തിനു ദിശാബോധം നൽകാനായില്ല. മതവും സംസ്കാരവും വിഭിന്ന ധ്രുവങ്ങളിലേക്കാണ് നീങ്ങിക്കൊണ്ടിരുന്നത്. ഈയൊരു സങ്കീർണമായ സാഹചര്യത്തിലാണ് അസദ് അറബ് നാട്ടിലേക്ക് യാത്ര പോകുന്നത്. അനന്തമായി കിടക്കുന്ന മണൽക്കാടുകൾ.... തൊട്ടറിയാനാവുന്ന ഏകാന്തത........ തീക്ഷ്ണമായ ഏകാന്തതയിൽ എരിയുന്ന നിശ്ശബ്ദത...... മരുഭൂമിയുടെ ദീർഘനിശ്വാസവും മണലാരണ്യത്തിന്റെ ഭാവപ്പകർച്ചയും അസദിന്റെ ചോരയിൽ അലിഞ്ഞു ചേരുകയായിരുന്നു. ജീവിത ഗന്ധിയല്ലാത്ത തീർത്ഥും വറ്റിവരണ്ട മരുക്കാട്ടിൽ മനുഷ്യത്വത്തിന്റെ കാൽപ്പാടുകൾ സ്വപ്നംകാണുന്ന ഒരു പഥികന് നിരാശനാവാൻ ഇതിൽപരം മറ്റെന്ത് വേണം?

പക്ഷേ, അസദ് ധീരത കൈവിട്ടില്ല. സ്വപ്നങ്ങളായിരുന്നു അദ്ദേഹത്തിന്റെ കൂട്ട്. വെറും സ്വപ്നങ്ങളല്ല. യാഥാർഥ്യത്തിന്റെ സ്വപ്നാവിഷ്കാരങ്ങൾ. നിശ്ചയദാർഢ്യമായിരുന്നു അദ്ദേഹത്തിന്റെ കരുത്ത്. ഇസ്‌ലാമിക ദർശനങ്ങളുടെ ശീതളഛായയിലേക്ക് പഥികൻ നടന്നെ

ത്തുന്നത് ഇത്തരം കിനാവുകളാകുന്ന കുതിരപ്പുറത്തായിരിക്കാം.

### അസദിന്റെ സ്വപ്നം

ബെർലിനിലെ ഒരു ഭൂഗർഭ റെയിൽ. അസദ് ട്രെയിൻ യാത്രയിലാണ്. തീവണ്ടിമുറിയിൽ അസാധാരണവും ഭയങ്കരവുമായ തിരക്ക്. തീവണ്ടി തുരങ്കത്തിലൂടെയും ചിലപ്പോൾ തെരുവുകൾക്കു മീതെ ഉയർത്തിക്കെട്ടിയ പാളങ്ങളിലൂടെയും പറന്നു കൊണ്ടിരുന്നു. അനങ്ങാൻപോലും കഴിയാത്തവണ്ണം ആളുകൾ ശ്വാസംമുട്ടി തൂങ്ങിപ്പിടിച്ചു നിൽക്കുകയാണ്. വണ്ടി തുരങ്കത്തിൽനിന്നും പുറത്തുകടന്ന് പാലത്തിലെത്തുന്നതിനു പകരം എത്തിയത് നിർജനവും വിശാലവുമായ ചളിപ്രദേശത്ത്. ചക്രങ്ങൾ ചെളിയിൽ പൂണ്ടിരിക്കുന്നു. മുന്നോട്ടോ പിന്നോട്ടോ നീങ്ങാനാവാതെ ട്രെയിൻ സ്തംഭിച്ചു. യാത്രക്കാർ പരിഭ്രാന്തരാണ്. അവർ ചുറ്റും നോക്കുന്നു. ചുറ്റും തരിശുഭൂമി! അനന്തവും വന്യവുമായ മൂകത. ഹൃദയത്തിൽ വിറങ്ങലിക്കുന്ന അങ്കലാപ്പുമായി പുറത്തിറങ്ങിയ അസദ് ദൂരെയെങ്ങോ ഒരു ചെറിയ നിഴലനക്കം കണ്ടു. സുമാർ പത്തടി. അതെ, അതൊരു കുതിരയാണ്. കുതിര തന്നെ കാത്തു നിൽക്കുന്നപോലെ. ഉടൻ തന്നെ അദ്ദേഹം അങ്ങോട്ട് നടന്നു. നീണ്ട കാൽവെപ്പുകളോടെ കുതിര സവാരിക്കാരൻ തന്നെ സ്വാഗതം ചെയ്യുന്നു. അസദ് കുതിരപ്പുറത്തേക്ക് ചാടിക്കയറി. യാത്ര ഇവിടെ ആരംഭിക്കുകയായിരുന്നു. അറേബ്യയിൽ പതിവുള്ള ഒരു 'റദീഫി'നെ(പിൻയാത്രക്കാരൻ)പോലെ അസദ്. സൗമ്യവും എന്നാൽ വേഗതയേറിയതുമായ യാത്ര. വായുവിലൂടെ അസദ് നീന്തുകയായിരുന്നു. ഒരു പുതുവെളിച്ചത്തിന്റെ ദിശയിലേക്ക്.... വിപ്ലവം തീർത്ത ആദർശ ചക്രവാളത്തിന്റെ ശീതളപ്രഭയിലേക്ക്....

ഇത് കേവലം ഒരു സ്വപ്നമല്ല. ഒരു ചരിത്രാവസ്ഥയുടെ നിഷ്പക്ഷമായ നിരൂപണമാണ്. വൈരുധ്യാത്മകവും സ്വേഛാപ്രേരിതവും ഏച്ചുകെട്ടിയതുമായ ആദർശങ്ങൾകൊണ്ട് യാത്ര തുടരുന്ന പാശ്ചാത്യൻ, ജീവിതവും നാഗരികതയുമാവുന്ന തീവണ്ടി. സാംസ്കാരിക പ്രതിസന്ധിയുടെ ചെളിക്കുണ്ടിൽ ആദർശദുരന്തത്തിന്റെ ക്രൂരമായ വന്യതയിൽ നിരാലംബവും നിസ്സഹായവുമായി നിൽക്കേണ്ടി വരുന്ന സമകാലിക ലോകത്തിന്റെ പരിഛേദം! ചെളിക്കുഴികളെ മുറിച്ചുകടന്ന് മുന്നേറാൻ പോന്ന കാലുറപ്പുള്ള, അന്ധകാരത്തെ കീറിമുറിച്ച് ലക്ഷ്യത്തിലെത്താൻ കുതിക്കുന്ന ഒരു കുതിരപ്പുറത്ത് അസദ് യാത്രതുടങ്ങുകയാണ്. ആദർശഭൂമിയായ മക്കയിലേക്ക്.

**പ്രകൃതി രമണീയത കണ്ട് കണ്ണിനു കുളിർമയേകി മടങ്ങുന്ന ഒരു വിനോദയാത്രയായിരുന്നില്ല അസദിന്റേത്. ഇസ്‌ലാമിലൂടെ അദ്ദേഹം സഞ്ചരിക്കുകയായിരുന്നു. അറേബ്യൻ തെരുവോരങ്ങളിലും അറബ് നാട്ടിന്റെ ഗ്രാമീണതയിലും അദ്ദേഹം ജീവിക്കുകയായിരുന്നു. ഇസ്‌ലാമിക സ്തംഭങ്ങളെ തുറന്ന മനസ്സോടും വിടർന്ന കണ്ണുകളോടും അദ്ദേഹം അനുഭവിച്ചു.**



മുഹമ്മദ് അസദ്

പ്രകൃതി രമണീയത കണ്ട് കണ്ണിനു കുളിർമയേകി മടങ്ങുന്ന ഒരു വിനോദയാത്രയായിരുന്നില്ല അസദിന്റേത്. ഇസ്‌ലാമിലൂടെ അദ്ദേഹം സഞ്ചരിക്കുകയായിരുന്നു. അറേബ്യൻ തെരുവോരങ്ങളിലും അറബ് നാട്ടിന്റെ ഗ്രാമീണതയിലും അദ്ദേഹം ജീവിക്കുകയായിരുന്നു. ഇസ്‌ലാമിക സ്തംഭങ്ങളെ തുറന്ന മനസ്സോടും വിടർന്ന കണ്ണുകളോടും അദ്ദേഹം അനുഭവിച്ചു.

മരുഭൂമിയിലെ അദ്ദേഹത്തിന്റെ അനുഭവങ്ങൾ ഹൃദയഹാരിയാണ്. വുദുവെടുക്കുമ്പോൾ ഇറ്റുവീഴുന്ന ജലത്തുള്ളികളാൽ ഇലവിടർത്തുന്ന മരുഭൂസസ്യങ്ങൾ അസദിന് വിസ്മയമാകുന്നു. അത് സ്വന്തം ജീവിതവുമായി താദാത്മ്യപ്പെടുത്താനാണ് അസദ് ശ്രമിക്കുന്നത്. സാംസ്കാരിക ദാഹം തീർക്കാൻ മതിയായ കുടിനീരില്ലാതെ പടിഞ്ഞാറൻ വരൾച്ചയിൽ കൂമ്പടഞ്ഞ് വാടിപ്പോയ ഒരു ചെറു സസ്യമായ തനിക്ക് അതിജീവനത്തിന് ദൈവികമായ തെളിനീര് ലഭിക്കുന്നതുപോലെയാണത്.

മനുഷ്യനും ഇസ്‌ലാമും പരസ്പരം പൂരകങ്ങളാണെന്നബോധം ഉൾക്കൊള്ളാനുള്ള വിശാലമനസ്സ് അസദ് ഇതിനകം ആർജിച്ചിരുന്നു. പ്രഥമദർശനത്തിൽ തന്നെ അസദിനെ ആകർഷിച്ചത്, ജീവിതത്തെ ഭൗതികം, ആത്മീയം എന്നിങ്ങനെ പകുക്കാനാവില്ലെന്ന വിളംബരമാണ്. മറ്റ് സംസ്കാരങ്ങളിലും ദർശനങ്ങളിലുമൊക്കെ വിരുദ്ധ താൽപര്യങ്ങളുടെ സമ്മർദത്തിന്റെയും പ്രതിസമ്മർദത്തിന്റെയും ഫലമായാണ് ആളുകൾ കൂടിയത്. ലോക തൊഴിലാളി പ്രസ്ഥാനങ്ങൾ മുതലാളിത്ത ഭീകരതയുടെ പ്രതിഭീകരതയായാണ് വളർന്നുവന്നത്. യൂറോ കേന്ദ്രിത മധ്യകാല മതങ്ങളെല്ലാം ശാസ്ത്രവിരുദ്ധതയുടെ മാർഗേണയാണ് ആളെക്കൂട്ടിയിരുന്നത്. പക്ഷേ, ഇതിൽനിന്നെല്ലാം വ്യത്യസ്തമായി, മുതലാളിയും തൊഴിലാളിയും ശാസ്ത്രവിരുദ്ധനായ ആത്മീയവാദിയും മതവിരുദ്ധനായ ശാസ്ത്രജ്ഞനുമുൾപ്പെടെയുള്ള വിരുദ്ധ ദ്വന്ദങ്ങളെ ഉൾക്കൊള്ളുവാനുള്ള ഇസ്‌ലാമിന്റെ വിശാലതയാണ് അസദിനെ ഇസ്‌ലാമിലേക്കടുപ്പിച്ചത്.

### ബാങ്ക് വിളിയിൽ അസദ് കണ്ടത്

ബാങ്ക് വിളിക്കുന്നവനിലെ നാദവിസ്മയം അസദിനെ ഹഠാദാകർഷിക്കുന്നുണ്ട്. 'അയാളുടെ ശബ്ദവീചികൾ ഉയർന്നു കയറും. അത് അന്തരീക്ഷത്തിലേക്ക് വ്യക്തമായി വളരും. പിന്നെ ചാഞ്ചാടിക്കൊണ്ട് അറബിഭാഷയിലെ അഗാധ ഗളനാദം കമ്പിതമായിത്തീരും....' (പേജ് 150).

ഇസ്‌ലാമിക ചിഹ്നങ്ങളുടെ സവിശേഷതകളെയും സ്വാധീനത്തെയും അറേബ്യൻ മണലാരണ്യത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഭാവനാത്മകമായി ആവിഷ്കരിക്കുകയാണിവിടെ. കേവലം സമയമറിയിക്കാനുള്ള ഉപാധി എന്നതിനു പുറമെ ബാങ്കിന്റെ ഉള്ളടക്കവും ചൈതന്യവും കൂടി ഈ വരികളിൽ ദർശിക്കാനാകും. ജീവസ്സുറ്റ ഒരു പ്രത്യയശാസ്ത്രത്തിന്റെ വിമോചനാത്മകമായ വിപ്ലവപ്രഖ്യാപനം. ആളുകളുടെ ദൈനംദിന വർത്തമാനങ്ങളിൽ വെളിപ്പെടുന്ന ദേശഭാഷകളുടെയും ഉച്ചാരണ രീതികളുടെയും എല്ലാ വ്യത്യാസങ്ങൾക്കും മേലെ ബാങ്കിന്റെ ശബ്ദം എല്ലായിടത്തും ഒരുപോലെയായിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം അത്യഗാധവും സുസ്ഥിരവുമായ ചില യാഥാർഥ്യങ്ങളിലാണ് എന്ന് വിശ്വസിക്കുന്ന ഒരു സമുദായത്തെ ഇവിടെ കണ്ടു മുട്ടുകയായിരുന്നു അസദ്.

**മണൽക്കാട്ടിൽകണ്ട അറേബ്യൻ പെണ്ണ് അസദിനെ അക്ഷരാർഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. അസദിനവിടെ ചങ്ങലകളോ തടവറകളോ കാണാനായില്ല. അറേബ്യൻ പ്രാകൃതമതം പെണ്ണിനെ തുറുങ്കിലടച്ചുവെന്ന യൂറോപ്യൻ നിർമിത ജൽപനങ്ങളുടെ മുഖത്തേക്ക് കാർക്കിച്ചു തുപ്പുവാനാണ് അദ്ദേഹത്തിന് അപ്പോൾ തോന്നിയത്. സ്ത്രീ സ്വയം ഒരു വ്യക്തിയാണെന്ന ലോകത്തിലെ തന്നെ ഏറ്റവും ഉദാരവും വിശാലവുമായ ഒരു മാനവിക കാഴ്ചപ്പാടാണ് 'ഇസ്‌ലാമിലെ പെണ്ണിൽ' അസദ് കണ്ടത്.**

### അറേബ്യൻ സംഗീതത്തെക്കുറിച്ച്

അറേബ്യൻ മരുഭൂവിന്റെ തനത് സംഗീതത്തെ അസദ് ഉൾക്കൊണ്ടിരുന്നു. 'വൈകാരികാനുഭവത്തെ അതിന്റെ സാധ്യതയുടെ അറ്റത്തോളം വഹിക്കാനുള്ള ഇഛയാണ് അറേബ്യൻ സംഗീതം പ്രദർശിപ്പിച്ചിരുന്നത്. വികാരത്തെ നൈരന്തര്യത്തിലും ആരോഹണ ക്രമത്തിലും സ്വാംശീകരിച്ചു കാണാനുള്ള വൈകാരികമായ ഇഛയിലാണ് അറേബ്യൻ സംഗീതത്തിന്റെ ശക്തിയും ദൗർബല്യവും കുടികൊള്ളുന്നത്. അമൂർത്തമായ വൈകാരികാനുഭവങ്ങളെ മൂർത്തമായി അനുഭവിച്ചറിയലായിരുന്നു അത്' (പേജ് 180).

അറേബ്യൻ സംഗീതത്തിലൂടെ ഇസ്‌ലാമിക കലയുടെ ആവിഷ്കാര ഭംഗിയെ അസദ് ആവോളം ആസ്വദിക്കുന്നുണ്ട്. ജീവിത ഗന്ധിയായ ഒരു മതത്തിനു മാത്രമേ ജീവിതത്തിന്റെ സ്വാഭാവിക അനുഭവമായ സംഗീതത്തെ ഉൾക്കൊള്ളാനാകൂ. ഹറാമാക്കലിന്റെയും കറാഹത്താക്കലിന്റെയും പണ്ഡിത ചർച്ചകളുടെ വരൾച്ചകൾക്കു നടുവിൽ സ്വാഭാവിക പ്രതിഭാസങ്ങളെ ഇസ്‌ലാമിന്റെ അതിർവരമ്പുകളിൽ നിന്നുകൊണ്ടുള്ള ഊഷ്മളതയോടെ വരവേൽക്കാനുള്ള ഗ്രന്ഥകാരന്റെ ശ്രമം പ്രശംസനീയം തന്നെയാണ്. ഇസ്‌ലാമിക കലയുടെ വിശാലസാധ്യതകളുടെ പൂട്ടപ്പെട്ട വാതായനങ്ങളാണ് അദ്ദേഹമിവിടെ തുറന്നിടുന്നത്. വികാരങ്ങളെ, ഭാവമാറ്റങ്ങളേതായാലും സ്വാംശീകരിക്കാനും അതിനെ ആവിഷ്കരിക്കാനുമുള്ള അറബി ഭാഷയുടെ സ്വതസിദ്ധിയിൽ യാത്രികൻ അലിഞ്ഞു ചേർന്നു. അത്രത്തോളം ഹൃദയഹാരിയായിരുന്നു അറേബ്യൻ സംഗീതം.

### ഇസ്‌ലാമിലെ സ്ത്രീ

സ്ത്രീയെ പുരുഷനോടൊപ്പം നിർത്താനുള്ള വെമ്പലിൽ അടിച്ചു പരത്തിയ സമത്വത്തിനു വേണ്ടി അവളുടെ ഉടയാടകളഴിച്ച് നഗരമധ്യത്തിൽ നിരത്തുന്ന യൂറോപ്യൻ മണ്ണിൽനിന്നും യാത്രതിരിച്ച അസദ്, പെണ്ണിനെ പാരതന്ത്ര്യത്തിന്റെ അറകളിലടച്ച് സാക്ഷയിട്ടിരിക്കുന്നുവെന്ന് പ്രചരിപ്പിക്കപ്പെട്ട ഒരു നാട്ടിലേക്കാണ് കാലു കുത്തുന്നത്. പക്ഷേ, ചുട്ടുപൊള്ളുന്ന മണൽക്കാട്ടിൽകണ്ട അറേബ്യൻ പെണ്ണ് അസദിനെ അക്ഷരാർഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. അസദിനവിടെ ചങ്ങലകളോ തടവറകളോ കാണാനായില്ല. അറേബ്യൻ പ്രാകൃതമതം പെണ്ണിനെ തുറുങ്കിലടച്ചുവെന്ന യൂറോപ്യൻ നിർമിത ജൽപനങ്ങളുടെ മുഖത്തേക്ക് കാർക്കിച്ചു തുപ്പുവാനാണ് അദ്ദേഹത്തിന് അപ്പോൾ തോന്നിയത്. സ്ത്രീ സ്വയം ഒരു വ്യക്തിയാണെന്ന ലോകത്തിലെ തന്നെ ഏറ്റവും ഉദാരവും വിശാലവുമായ ഒരു മാനവിക കാഴ്ചപ്പാടാണ് 'ഇസ്‌ലാമിലെ പെണ്ണിൽ' അസദ് കണ്ടത്. ഗ്രീസിലെയും റോമിലെയും മാർക്കറ്റുകളിൽ വിൽപനക്കുവേണ്ടി ചരക്കുകളായെത്തുന്ന പെൺകൊടികൾക്കുനേരെ കണ്ണടച്ച് ചരിത്രത്തെ ഇരുട്ടിലാഴ്ത്തിയ ശേഷം ഇസ്‌ലാമിനെതിരെ സ്ത്രീവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്ന യൂറോപ്യൻ-ഓറിയന്റലിസ്റ്റ് കുതന്ത്രത്തെ അദ്ദേഹം കണക്കിന് ആക്ഷേപിക്കുന്നുണ്ട്.

### പണ്ഡിതന്മാരെക്കുറിച്ച്

സമൂഹത്തിൽ പണ്ഡിതന് നിർവഹിക്കാനുള്ളത്, ഏതൊരു സമൂഹത്തിലാണോ താൻ ജീവിക്കുന്നത് ആ സമൂഹത്തിന്റെ എല്ലാവിധ സവിശേഷതകളെയും ഉൾക്കൊണ്ട് ചരിത്രത്തെ മുന്നോട്ടു നീക്കാനുള്ള ഭീമമായ ദൗത്യമാണ്. പ്രവാചകൻ ഈ യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ടാണ്, 'പണ്ഡിതന്റെ തൂലികയിലെ മഷി രക്തസാക്ഷിയുടെ രക്തത്തെക്കാൾ പവിത്രമാണ്' എന്ന് പ്രഖ്യാപിച്ചത്. പക്ഷേ, സ്വേഛാധിപതികളും സുഖാഡംബര പ്രിയരുമായ ഭരണാധികാരികളെ പ്രകീർത്തിക്കുകയും അവരുടെ സകല ധാർമിക വിരുദ്ധ പ്രവർത്തനങ്ങളെയും മതത്തിന്റെ പേരിൽ ന്യായീകരിക്കുകയും ചെയ്യുന്ന നീചവൃത്തികളാണ് പണ്ഡിതന്മാരെന്ന് അവകാശപ്പെടുന്നവരിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മറ്റൊരു കൂട്ടരാവട്ടെ, യാതൊരുവിധ ചിന്തയോ, ചലനാത്മകതയോ ഇല്ലാതെ ജഡത്വം ബാധിച്ച മനസ്സുമായി കാലം കഴിച്ചുകൂട്ടുന്നു. ഗ്രന്ഥകാരൻ ഇക്കൂട്ടരെ കണക്കിന് പരിഹസിക്കുന്നുണ്ട്. ആഗോളാടിസ്ഥാനത്തിൽ ഇസ്‌ലാമിക വിപ്ലവകാരികളെയും നവോത്ഥാന നായകരെയും പടുത്തുയർത്തിയ കയ്റോവിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. സാമ്രാജ്യത്വ ശക്തികൾക്ക് വിടുപണിചെയ്യുന്ന ഒരു വിഭാഗം പ്രകീർത്തക സംഘങ്ങളെ വാർത്തെടുക്കുന്ന സാംസ്കാരികമായ ദുശ്ശകുനങ്ങൾക്കാണ് ആധുനിക അസ്ഹർ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. അസദിന്റെ വാക്കുകൾ കാണുക: "ഇന്ത്യയിലെ തെരുവുകളിൽ കാണുന്ന, ഏത് അച്ചടിച്ച കടലാസ് തിന്നുന്നതായി പറഞ്ഞുകേട്ടിട്ടുള്ള വിശുദ്ധ ഗോക്കളെപ്പോലെയാണവർ.....

നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതപ്പെട്ട പുസ്തകത്തിലെ അച്ചടിച്ച പുറങ്ങളെല്ലാം അവർ വിഴുങ്ങാറുണ്ടെങ്കിലും അതൊന്നും അവർക്ക് ദഹിക്കാറില്ല. അവർ ഒരിക്കലും ചിന്തിക്കുന്നില്ല. അവർ വായിക്കുന്നു, ആവർത്തിക്കുന്നു, വായിക്കുന്നു ആവർത്തിക്കുന്നു. അവർ പറയുന്നത് ശ്രദ്ധിക്കുന്ന വിദ്യാർഥികൾ ആകെ പഠിക്കുന്നത് വായിക്കാനും ആവർത്തിക്കാനുമാണ്. തലമുറ തലമുറയായി ആവർത്തിക്കുവാനും....." (പേജ് 248).

ഇതിന്റെ പ്രതിഫലനമാണ് പതിറ്റാണ്ടുകളായി മുസ്‌ലിം സമൂഹത്തെ വരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്ന ധൈഷണിക മാന്ദ്യം. ഇത് മുസ്‌ലിം സമൂഹത്തിന്റെ പിന്നാക്കാവസ്ഥക്കുതന്നെ കാരണമായി.

ഇസ്‌ലാമിക ലോകത്തെ ക്ലാസിക് കൃതികളിലൊന്നായ *മക്കയിലേക്കുള്ള പാത* വായനക്കാരന് സമ്മാനിക്കുന്നത്, പതിറ്റാണ്ടുകൾക്കു മുമ്പുള്ള അറേബ്യയുടെ ആർദ്രവും ഹരിതാഭവുമായ ഒരു പരിച്ഛേദമാണ്. പാശ്ചാത്യനായി ജനിച്ച്, പൗരസ്ത്യനായി ജീവിച്ച്, ഇസ്‌ലാമിക ദർശനത്തെ ഉൾക്കൊള്ളാൻ മനസ്സും പഞ്ചേന്ദ്രിയങ്ങളും തുറന്നുവെച്ച്, അനുഭവങ്ങളിലൂടെ ഒരു പുതിയ മനുഷ്യനായി തീരുകയായിരുന്നു അസദ്. അതുകൊണ്ട് തന്നെ *മക്കയിലേക്കുള്ള പാത* ഒരു കേവല സഞ്ചാരസാഹിത്യമല്ല. മലയാളത്തിൽ ഈ കൃതി ഇറങ്ങിയിട്ട് കാൽനൂറ്റാണ്ടായെങ്കിലും മതിയായ പരിഗണന അതിന് കിട്ടാതെ പോവുകയാണുണ്ടായത്. ■

**വിവ. എം.എൻ കാരശ്ശേരി,**
**പേജ്: 485, വില: 195,**
**ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്**
**കോഴിക്കോട്.**

shibumadavoor@gmail.com